നോട്ട് നിരോധനത്തിന് ശേഷം ഉടമകളറിയാതെ ബാങ്കുകൾ പണം തട്ടുന്നു

തളിപ്പറമ്പ: നോട്ട് നിരോധനത്തിന് ശേഷം ബാങ്കുകളിൽ നിന്നും ഉപഭോക്താവറിയാതെ പണം തട്ടുന്നത് പതിവാകുന്നു. നിരവധി പരാതികളാണ് ഇത്തരത്തിൽ ഉയർന്നുവരുന്നത്. ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ വൻ തുകകളാണ് പലർക്കും നഷ്ടമാകുന്നത്. നോട്ട് നിരോധനത്തിന് മുമ്പ് വ്യക്തികൾ ചെക്ക് ഇടപാട് നടത്തുന്നത് വളരെ കുറവായിരുന്നു. എന്നാൽ ഇപ്പോൾ ചെക്ക് ഇടപാട് പത്തിരട്ടിയിലധികം വർദ്ധിച്ചു. പൊതുവെ ബാങ്ക് ഇടപാടുകൾ വർദ്ധിച്ചിട്ടുണ്ട്. ജീവനക്കാർ അശ്രദ്ധമായി ചെക്കുകൾ കൈകാര്യം ചെയ്യുന്നതിലൂടെയാണ് ഉപഭോക്താവിന് പതിനായിരങ്ങൾ നഷ്ടമാകുന്നത്. പലരും ഇത് പരിശോധിക്കാറില്ല. പരിശോധിച്ച് കണ്ടുപിടിച്ച് ബാങ്കിലെത്തിയാൽ മറുപടി പറയാൻ പോലും പല മാനേജർമാരും തയ്യാറാകുന്നില്ല. ഇതൊന്നും ഇവിടെ വച്ചല്ല നടക്കുന്നത് എല്ലാം ചെന്നൈയിലും ബാംഗ്ലൂരും മറ്റുമാണെന്ന് പറഞ്ഞ് ഒഴിവാകും. ബഹളം വെക്കുന്ന ഉപഭോക്താവിന് മാത്രം നീതി കിട്ടും. ഇതാണ് ഇപ്പോൾ മിക്ക ബാങ്കുകളിലെയും അവസ്ഥ.

കഴിഞ്ഞ ദിവസം തളിപ്പറമ്പിലെ വ്യാപാരി എം.എ. മുനീർ എസ്.ബി.ഐ തളിപ്പറമ്പ ശാഖയുടെ 10000രൂപയുടെ ചെക്ക് ഒരു സ്ഥാപനത്തിന് നൽകിയിരുന്നു. ഫെഡറൽ ബാങ്ക് മുഖേന 10000 രൂപ സ്ഥാപനത്തിന് ലഭിക്കുകയും ചെയ്തു. എന്നാൽ എസ്.ബി.ഐ മുനീറിന്റെ അക്കൗണ്ടിൽ നിന്ന് 25000 രൂപയാണ് പിൻവലിച്ചത്. കാര്യം തിരക്കി ബാങ്കിൽ എത്തിയപ്പോൾ മാനേജർ തൊടുന്യായം പറഞ്ഞ് പിന്തിരിപ്പിച്ചു. ഇതൊക്കെ ചെന്നൈയിൽ നിന്നും നടത്തിയതാണ് പരാതി ഉണ്ടെങ്കിൽ രേഖാമൂലം എഴുതിതരണം എന്നാണ് ഇവർ മറുപടി പറഞ്ഞത്. വ്യാപാരി നേതാക്കൾ എത്തി ബഹളം വെച്ചതോടെയാണ് പ്രശ്നം പരിഹരിച്ചത്. മുനീർ അറിയാതെ ബാങ്ക് പിൻവലിച്ച 15000രൂപ രണ്ട് ദിവസത്തിനകം തിരികെ നൽകാമെന്ന് മാനേജർ ഉറപ്പ് നൽകിയതോടെയാണ് വ്യാപാരികൾ മടങ്ങിയത്. ഇത് ഒറ്റപ്പെട്ടതല്ല. പലർക്കും പല ബാങ്കുകളിലും ഇങ്ങനെ സംഭവിക്കുന്നുണ്ട്. കൃത്യമായ അക്കൗണ്ട് ബുക്കുകളിൽ വരവ്- ചെലവ് നോക്കുന്നവർക്ക് മാത്രമാണ് ഇത്തരം വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്നത്. പലകാരണം പറഞ്ഞ് അക്കൗണ്ടിൽ നിന്നും ഉടമയറിയാതെ ബാങ്കുകൾ പണം എടുക്കാറുണ്ട്. ചോദിച്ചാൽ മാത്രമേ ഇത് വ്യക്തമാക്കുകയുള്ളൂ. അക്കൗണ്ട് ബുക്കുകളിൽ ചിലകോഡുകൾ മാത്രമാണ് രേഖപ്പെടുത്താറ്. മുമ്പൊക്കെ ന്യൂജൻ ബാങ്കുകളാണ് ഇത്തരം വെട്ടിപ്പ് നടത്താറുണ്ടെങ്കിലും ഇപ്പോൾ പൊതുമേഖല ബാങ്കുകളും ഇവരുടെ വഴിയിൽ തന്നെയാണ് സഞ്ചരിക്കുന്നത്. ചോദിക്കുമ്പോൾ ഇവർ പറയുന്നത് ബാങ്കുകളിൽ ഇപ്പോൾ വൻ തിരക്കാണെന്നും ആവശ്യത്തിന് ജീവനക്കാരില്ലെന്നുമാണ്. ജീവനക്കാരെ നിയമിക്കേണ്ടത് ഉപഭോക്താവല്ലെന്ന് പറഞ്ഞാൽ ഇവർ തട്ടിക്കയറും. മുമ്പൊക്കെ ഉപഭോക്താവറിയാതെ ഒരു പൈസ പോലും ബാങ്കുകൾ അക്കൗണ്ടിൽ നിന്നും എടുക്കാറില്ല. ഈ അവസ്ഥ പുനസ്ഥാപിക്കണമെന്ന് ഉപഭോക്താക്കൾ ആവശ്യപ്പെട്ടു.

ആദിവാസി യുവതിയെ മാനഭംഗപ്പെടുത്താൻ ശ്രമം

കേളകം: ഭർത്താവിനൊപ്പം വീട്ടുവരാന്തയിൽ കിടന്നുറങ്ങുകയായിരുന്ന ആദിവാസി യുവതിയെ മാനഭംഗപ്പെടുത്താൻ ശ്രമം. കൊട്ടിയൂർ താഴെ പാൽചുരത്തെ 48കാരിയെയാണ് മാനഭംഗപ്പെടുത്താൻ ശ്രമിച്ചത്. ഇന്നലെ പുലർച്ചെ രണ്ട് മണിയോടെയാണ് സംഭവം. കണ്ടപ്പനയിലെ അജേഷ് (31) നെതിരെ കേളകം പോലീസ് കേസെടുത്തു.

സ്ത്രീകളോട് അപമര്യാദ; യുവാവിനെ ശിക്ഷിച്ചു

കണ്ണൂർ: ബസ് സ്റ്റോപ്പിൽ സ്ത്രീകളോട് അപമര്യാദയായി പെരുമാറിയ ഇരിട്ടി ഉളിയിൽ സ്വദേശി പി.പി. ഷാനിദ് (21) നെ കോടതി പിരിയും വരെ തടവിനും 3500രൂപ പിഴയടക്കാനും ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് (രണ്ട്) ഇ. രഞ്ജിത്ത് ശിക്ഷിച്ചു. 2016 ഡിസംബർ അഞ്ചിന് അലവിൽ ബസ്സ്റ്റോപ്പിൽ വച്ച് സ്ത്രീകളോട് അപമര്യാദയായി പെരുമാറിയ ഷാനിദിനെ വളപട്ടണം പോലീസ് പിടികൂടിയിരുന്നു.

വാൽമീകിയുടെ രാമൻ ദൈവമല്ല ഉത്തമ പുരുഷനായിരുന്നു: അജിത് കൊളാടി

തളിപ്പറമ്പിൽ സഫ്ദർ ഹാശ്മി അനുസ്മരണ സമ്മേളനം നടൻ സന്തോഷ് കീഴാറ്റൂർ ഉദ്ഘാടനം ചെയ്യുന്നു

തളിപ്പറമ്പ: വാൽമീകിയുടെ രാമൻ ദൈവമല്ല ഉത്തമ പുരുഷനായിരുന്നുവെന്ന് യുവകലാസാഹിതി നേതാവ് അജിത് കൊളാടി പറഞ്ഞു. അസ്തമയ പക്ഷികൾ വീണ്ടും പ്രഭാതത്തിലേക്ക്' സാംസ്കാരിക കൂട്ടായ്മ സംഘടിപ്പിച്ച സഫ്ദർ ഹാശ്മി അനുസ്മരണ സമ്മേളനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഉത്തമ പുരുഷനെയാണ് താൻ അവതരിപ്പിക്കുന്നതെന്ന് പറഞ്ഞാണ് വാൽമീകി രാമായണം തുടങ്ങുന്നത്. രാമായണത്തിൽ ഒരിടത്തും രാമൻ ദൈവമാണെന്ന് പറഞ്ഞിട്ടില്ല. ജീവിതത്തിൽ ഇത്രമാത്രം ദുഃഖം പേറേണ്ടി വന്ന മറ്റൊരു കഥാപാത്രമില്ല. യൗവനത്തിൽ മാതാപിതാക്കളെയും രാജ്യത്തെയും ഉപേക്ഷിക്കേണ്ടിവന്നു. പിന്നീട് ഭാര്യയെയും മക്കളെയും ഉപേക്ഷിക്കേണ്ടിവന്നു. രാമന്റെ ജീവിതം മുഴുവൻ ദുഃഖനിറഞ്ഞതാണ്. ജീവിതം സുഖമല്ല ദുഃഖമാണെന്നാണ് രാമനിലൂടെ വാൽമീകി പറഞ്ഞുവച്ചത്. വെട്ടിപ്പിടിക്കുന്നവനായിരുന്നില്ല എല്ലാം ത്യജിക്കുന്നവനായിരുന്നു മര്യാദ പുരുഷനായ രാമൻ.

ബ്രാഹ്മണൻ ആരാണെന്ന ചോദ്യത്തിന് ശ്രീകൃഷ്ണൻ നൽകിയ മറുപടി, ഏറ്റവും ഉത്തമമായ കാര്യം ചെയ്യുന്നവൻ എന്നായിരുന്നു. ഉത്തമമായ കാര്യം പരോപകാരം ചെയ്യുക എന്നതാണ്. ശ്രീകൃഷ്ണന്റെ ഉത്തമനായ സുഹൃത്ത് കുചേലനായിരുന്നു. ഇന്ന് പലർക്കും അംബാനി മാരാണ് ഉത്തമനായ സുഹൃത്ത്. അജിത് കൊളാടി ചൂണ്ടിക്കാട്ടി. ചലച്ചിത്രതാരം സന്തോഷ് കീഴാറ്റൂർ ഉദ്ഘാടനം ചെയ്തു. സി.വി. എൻ. ഇരിണാവ് അധ്യക്ഷത വഹിച്ചു. ബാലകൃഷ്ണൻ പാപ്പിനിശേരി, സബത്ത് കരയപ്പാത്ത്, സിദ്ദിഖ് കുറിയാലി പ്രസംഗിച്ചു. പ്രബലേഷ് സ്വാഗതം പറഞ്ഞു. നാടൻ പാട്ടുകളും തെരുവ് നാടകവും അവതരിപ്പിച്ചു.

ചരമം

ഫ്രാൻസീസ്

ആലക്കോട്: രയരോം ബിമ്പുംകാട്ടെ ആദ്യകാല കുടിയേറ്റ കർഷകൻ പരുമലയിൽ ഫ്രാൻസീസ് (84) നിര്യാതനായി. ഭാര്യ: മുണ്ടയ്ക്കൽ കുടുംബാംഗം ഏലിക്കുട്ടി. മക്കൾ: ഫാ. വിൻസെന്റ് (ആസാം), എൽസമ്മ, ടോം, ക്രിസ്റ്റീന, സെലസ്റ്റ്യൻ (ജി.ടി.ആർ.ഇ. ബാംഗ്ലൂർ). മരുമക്കൾ: മാത്യു വലിയവീട്ടിൽ, ലൗലി കുറ്റിയാനിമറ്റം, ബേബി ചൻ കുന്നത്ത്, ഷൈനി (ബാംഗ്ലൂർ). സംസ്കാരം നാളെ ഉച്ചക്ക് 2.30ന് രയരോം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

സിസ്റ്റർ മേരി കാർമൽ

ചെമ്പേരി: മംഗ്ളൂരു അഡറേഷൻ മൊണാസ്റ്ററി കോൺവെന്റ് മദർ സിസ്റ്റർ മേരി കാർമൽ (64) നിര്യാതയായി. ചെമ്പേരി കൊച്ചുപറമ്പിൽ വർക്കി-റോസമ്മ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: പാപ്പച്ചൻ, തോമ്മാച്ചൻ, കൊച്ചുകുട്ടി, തോമസ്, ദേവസ്യാച്ചൻ.

കഞ്ചാവുമായി യുവാവ് പിടിയിൽ

പയ്യന്നൂർ: 24 ഗ്രാം കഞ്ചാവുമായി യുവാവിനെ എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. മമ്പലത്തെ ടി.വി. സന്തോഷ്കുമാർ (44) നെയാണ് പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുവച്ച് ഇന്നലെ സന്ധ്യക്ക് പിടികൂടിയത്. ഇൻസ്പെക്ടർ കെ.വി. വാസുദേവൻ, പ്രിവന്റീവ് ഓഫീസർ ഭാസ്കരൻ, സിവിൽ ഓഫീസർമാരായ ശ്രീനിവാസൻ, രാജീവൻ, രാജേന്ദ്രൻ, കമലാക്ഷൻ എന്നിവർ ചേർന്നാണ് സന്തോഷിനെ വലയിലാക്കിയത്.

ചെരുപ്പ് തുന്നൽ തൊഴിലാളി തുങ്ങിമരിച്ചു

പരിയാരം: തളിപ്പറമ്പ സബ്രജിസ്ട്രാർ ഓഫീസിന് സമീപം ചെരുപ്പ് തുന്നൽ തൊഴിലാളിയായ പരിയാരം ചിതപ്പിലെ പൊയിലിലെ മൊട്ടക്കപ്പുറയിൽ ചൂരൽ വീട്ടിൽ ദിനേശൻ (46) വീട്ടിനകത്ത് തൂങ്ങിമരിച്ചു. ഇന്നലെ വൈകീട്ടായിരുന്നു ആത്മഹത്യ. പരേതരായ തിമ്മൻ- ജാനകി ദമ്പതികളുടെ മകനാണ്. ഭാര്യ: സുജാത. മക്കൾ: ശരണ്യ, ദിരണ്യ. സഹോദരങ്ങൾ: പുഷ്പ, രമേശൻ, അശോകൻ, ഉഷ, സുരേശൻ, രൂപേഷ്.

കോളേജ് വിദ്യാർത്ഥിനിയെയും യുവാവിനെയും കാണാതായി

ആലക്കോട്: വിവാഹം നിശ്ചയിച്ച് ഉറപ്പിച്ച കോളേജ് വിദ്യാർത്ഥിനിയെ കാണാതായതായി പരാതി. ആലക്കോട് ബി.എ ഇംഗ്ലീഷ് അവസാന വർഷ വിദ്യാർത്ഥിനിയായ മണക്കടവിലെ ഗോപിക(20) യെയാണ് കഴിഞ്ഞ ദിവസം രാത്രി 11 മണി മുതൽ കാണാതായത്. കഴിഞ്ഞ ഒന്നിനായിരുന്നു യുവതിയുടെ വിവാഹനിശ്ചയം. ഗൾഫുകാരനായ യുവാവുമായി മെയ് 14ലേക്കാണ് വിവാഹം നിശ്ചയിച്ചിരുന്നത്. ഇതിനിടെയിലാണ് കാണാതായത്. അതേസമയം പൂവഞ്ചാൽ ചെക്കുറുഞ്ഞി സ്വദേശിയായ വിജേഷ് എന്ന യുവാവിനെയും കഴിഞ്ഞ ദിവസം മുതൽ കാണാതായിട്ടുണ്ട്. ഗോപിക ഇയാൾക്കൊപ്പം പോയതായാണ് സംശയിക്കുന്നത്. യുവതിയുടെ വീടിന് സമീപത്തെത്തി ബൈക്കിൽ കൂട്ടിക്കൊണ്ടുപോവുകയായിരുന്നത്രെ. ഇരുവരുടെയും ഫോണുകൾ സിച്ചോഫ് ചെയ്ത നിലയിലാണ്. വിജേഷിന്റെ മാതാപിതാക്കൾ കർണ്ണാടകയിലാണ് ജോലി ചെയ്യുന്നത്. ഇരുവരും അങ്ങോട്ടേക്ക് പോയതായാണ് സംശയിക്കുന്നത്. യുവതിയുടെ ബന്ധുക്കളുടെ പരാതിയിൽ പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി. കർണ്ണാടകയുമായി ബന്ധപ്പെട്ടാണ് പോലീസ് അന്വേഷണം.

പഞ്ചാബിലെ ആർ.എം.പി ഘടകം തിരഞ്ഞെടുപ്പിൽ സി.പി.എമ്മിന് ഒപ്പം

ഡൽഹി: പഞ്ചാബ് നിയമസഭ തിരഞ്ഞെടുപ്പിൽ സി.പി.എം ഉൾപ്പെട്ട മുന്നണിയിൽ ആർ.എം.പ.കേരളത്തിൽ ടി.പി ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആർ.എം.പിയാണ് വിവിധ സംസ്ഥാനങ്ങളിൽ നിന്ന് സി.പി.എം വിട്ടുവരുമായി യോജിച്ച് റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (ആർ.എം.പി.ഐ) എന്ന പേരിൽ അടുത്ത കാലത്തായി അഖിലേന്ത്യതലത്തിൽ സംഘടന രൂപീകരിച്ചത്. പഞ്ചാബിലെ ഇടതുപക്ഷ സഖ്യത്തിന്റെ ഭാഗമായാണ് ആർ.എം.പി. മൽസരിക്കുന്നത്. ആർ.എം.പി. 13 സീറ്റിലും സി.പി.എം 14 സീറ്റിലും സി.പി.ഐ 25 സീറ്റിലുമാണ് മൽസരിക്കുന്നത്.

മണിക്കലിലെ കരിമുണ്ടയ്ക്കൽ ജോർജ്, സഹോദരൻ ജോസ് എന്നിവരുടെ ഡിഷ് ആന്റിനകൾ തല്ലിതകർത്ത നിലയിൽ

സഹോദരങ്ങളുടെ വീടുകളിലെ ഡിഷ്ആന്റിനകൾ നശിപ്പിച്ചു

ആലക്കോട്: സഹോദരന്മാരുടെ വീടുകളിലെ ടി.വി ഡിഷ് ആന്റിനകൾ സാമൂഹ്യവിരുദ്ധർ നശിപ്പിച്ചു. ചാണോക്കുണ്ട് മണിക്കൽ റോഡിലെ കരിമുണ്ടയ്ക്കൽ ജോർജ്, സഹോദരൻ ജോസ് എന്നിവരുടെ വീട്ടുമുറ്റത്ത് സ്ഥാപിച്ചിരുന്ന ഡിഷ് ആന്റിനകളാണ് തല്ലിത കർത്തത്. കഴിഞ്ഞ ദിവസം രാത്രിയിലാണ് സംഭവം. ഇരുവീടുകളിലെയും കുടുംബാംഗങ്ങൾ ചാണോക്കുണ്ട് കരുണാപുരം പള്ളിയിലെ തിരുനാളിന് പോയിരുന്നു. ഇവർ തിരിച്ചെത്തിയപ്പോഴാണ് സംഭവം അറിയുന്നത്. ഇരുമ്പ് പൈപ്പിൽ ഉറപ്പിച്ച് നിർത്തിയിരുന്ന ആന്റിനകൾ ഇവിടെ നിന്ന് ഇളക്കിയെടുത്ത് തല്ലിതകർക്കുകയായിരുന്നു. സാമൂഹ്യവിരുദ്ധരുടെ ലക്ഷ്യം എന്താണെന്ന് വ്യക്തമല്ല. എ.എസ്.ഐ രാജന്റെ നേതൃത്വത്തിൽ ആലക്കോട് പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി.

നോട്ട് നിരോധനം; യൂത്ത്ലീഗ് ക്യൂ വലയം തീർത്തു

തളിപ്പറമ്പ: കറൻസി നിരോധിച്ച് ജനങ്ങളെ ബുദ്ധിമുട്ടിച്ച കേന്ദ്രനയത്തിനെതിരെ തളിപ്പറമ്പിൽ മുനിസിപ്പൽ യൂത്ത്ലീഗ് ക്യൂ വലയം തീർത്ത് പ്രതിഷേധിച്ചു. ജില്ലാ സെക്രട്ടറി പി.സി.നസീർ ഉദ്ഘാടനം ചെയ്തു. എൻ.യു. ഷെഫീഖ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. മക്തബ് പത്രാധിപർ കെ.സുനിൽകുമാർ, പി.മുഹമ്മദ് ഇഖ്ബാൽ, പി.പി.മുഹമ്മദ് നിസാർ സംസാരിച്ചു. ഉസ്മാൻ കൊമ്മച്ചി സ്വാഗതവും ബപ്പു അഷ്റഫ് നന്ദിയും പറഞ്ഞു.

വീണുകിട്ടിയ പണമടങ്ങിയ പേഴ്സ് ഉടമക്ക് തിരിച്ചുനൽകുന്നു

മെഡിക്കൽ കോളേജിൽ നിന്ന് വീണുകിട്ടിയ പണം തിരിച്ചു നൽകി സത്യസന്ധതക്ക് മാതൃകയായി

പരിയാരം: മെഡിക്കൽ കോളേജിന്റെ കക്കൂസിൽ നിന്ന് വീണുകിട്ടിയ പണവും രേഖകളുമടങ്ങിയ പേഴ്സ് തിരിച്ചുനൽകി കരുവഞ്ചാൽ സ്വദേശി മാതൃകയായി. രോഗിയായ അമ്മ മറിയത്തെ പരിചരിക്കാനെത്തിയ മകൻ കരുവഞ്ചാൽ മീൻപറ്റിയിലെ മാമലശേരിൽ തങ്കച്ചനാണ് ഏഴാംനിലയിലെ കക്കൂസ് മുറിയിൽ നിന്ന് 12,500 രൂപയും രേഖകളുമടങ്ങുന്ന പേഴ്സ് ലഭിച്ചത്. തങ്കച്ചൻ ഇത് എയ്ഡ്പോസ്റ്റിലുണ്ടായിരുന്ന പോലീസുകാരി പ്രീതയെ ഏൽപ്പിച്ചു. പേഴ്സിലെ രേഖകളിൽ നിന്ന് ലഭിച്ച ഫോൺ നമ്പറിൽ പ്രീത ബന്ധപ്പെട്ടു. ചവനപ്പുഴയിലെ കെ.പി.സന്തോഷിന്റെതായിരുന്നു പേഴ്സ്. അമ്മ നാരായണിയുടെ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലെത്തിയതായിരുന്നു സന്തോഷ്. വിവരമറിഞ്ഞെത്തിയ സന്തോഷിന് തങ്കച്ചന്റെ സാന്നിധ്യത്തിൽ പ്രീത പേഴ്സ് കൈമാറി.

അമിത വേഗത്തിലെത്തിയ ബൈക്കിടിച്ച് സ്കൂൾ വിദ്യാർത്ഥിക്ക് പരിക്ക്

ആലക്കോട്: അമിത വേഗത്തിലെത്തിയ ബൈക്കിടിച്ച് സ്കൂൾ വിദ്യാർത്ഥിക്ക് പരിക്കേറ്റു. കണിയഞ്ചാൽ ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥി കല്ലൊടിയിലെ അദൈതി (10) നാണ് പരിക്കേറ്റത്. ഇന്നലെ വൈകുന്നേരം സ്കൂളിന് മുന്നിലാണ് അപകടം. രണ്ടംഗ സംഘം സഞ്ചരിച്ച ബൈക്കാണ് അപകടമുണ്ടാക്കിയത്. ഇവർ മദ്യലഹരിയിലായിരുന്നുവെന്ന് നാട്ടുകാർ ആരോപിച്ചു. ഇതിനിടെ പിൻസീറ്റിൽ ഇരുന്നയാൾ ബൈക്കുമായി രക്ഷപ്പെടാൻ ശ്രമിച്ചത് സ്ഥലത്ത് ബഹളമുയർത്തി. സംഭവമറിഞ്ഞ് എ.എസ്.ഐ രാജന്റെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി ബൈക്കും യാത്രികനായ നിധിനെയും കസ്റ്റഡിയിലെടുത്തു. പരിക്കേറ്റ അദൈതിന് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ചികിത്സ നൽകി.

തളിപ്പറമ്പ മുനിസിപ്പൽ യൂത്ത്ലീഗിന്റെ ക്യൂ വലയം പി.സി.നസീർ ഉദ്ഘാടനം ചെയ്യുന്നു

കഞ്ചാവിനെ ചൊല്ലി കത്തിക്കുത്ത്; യുവാവ് അറസ്റ്റിൽ

കണ്ണൂർ: ആയിക്കര പാലത്തിന് സമീപം കഞ്ചാവിനെ ചൊല്ലിയുണ്ടായ വാക്ക് തർക്കം കത്തികുത്തിൽ കലാശിച്ചു. ആയിക്കരയിലെ റഹീസി(22)നെ അഞ്ചുക്കണ്ടിയിലെ ഷമൽ (28) കുത്തി എന്നാണ് പരാതി. ഷമലിനെ ടൗൺ സി.ഐ കെ.വി.വേണുഗോപാൽ അറസ്റ്റ് ചെയ്തു. ഷമലിന്റെ മരുമകൻ റഹീസ് കഞ്ചാവ് നൽകുന്നുവെന്ന് ആരോപിച്ചായിരുന്നു വാക്ക് തർക്കം. ഷമലിനെ റഹീസ് കുത്തിയെന്നും പരാതിയുണ്ട്.

അപകടത്തിൽ മരിച്ച ചുഴലിക്കാരന്റെ മൃതദേഹം സംസ്കരിച്ചു

ശ്രീകണ്ഠപുരം: ഉടുപ്പിയിൽ കാറുകൾ കൂട്ടിയിടിച്ച് മരിച്ച ചുഴലി കിഴക്കേമുല എ.കെ.ജി. സ്മാരക വായനശാലയ്ക്ക് സമീപത്തെ പുതിയപുരയിൽ ഷിബു (38)വിന്റെ മൃതദേഹം സംസ്കരിച്ചു. ഇന്ന് രാവിലെ ചുഴലി കിഴക്കേമുല സമുദായ ശ്മശാനത്തിലായിരുന്നു സംസ്കാരം. കഴിഞ്ഞദിവസം പുലർച്ച ഉടുപ്പി തെക്കട്ടേയിൽ ഉണ്ടായ അപകടത്തിലാണ് ഷിബുവിന് ജീവൻ നഷ്ടപ്പെട്ടത്. കൊല്ലൂരിലേക്ക് പോവുകയായിരുന്ന ഇവർ സഞ്ചരിച്ച കാർ നിയന്ത്രണം വിട്ട് എതിരെ വന്ന കാറിൽ ഇടിക്കുകയായിരുന്നു. കൂടെയുണ്ടായിരുന്ന പോലീസുകാരൻ പരിപ്പായിലെ സജീവൻ, പ്രമോദ്, രാജേഷ്, കൃഷ്ണൻ എന്നിവർക്ക് അപകടത്തിൽ പരിക്കേറ്റിരുന്നു. ചെങ്കൽ യന്ത്രത്തിന്റെ ബ്ലേഡ് വെൽഡിംഗ് തൊഴിലാളിയാണ് ഷിബു. പരേതനായ കുഞ്ഞിരാമൻ-കല്യാണി ദമ്പതികളുടെ മകനാണ്. ഭാര്യ: സൗമ്യ (ചെറുകുന്ന്). മകൾ: അൻവിത. സഹോദരങ്ങൾ: ദേവി, അശോകൻ, സുലോചന.

അഞ്ചുപേർക്ക് തെരുവുനായയുടെ കടിയേറ്റു

കണ്ണൂർ: കൊറ്റാളിയിലും പരിസരത്തുമായി അഞ്ചുപേർക്ക് തെരുവുനായയുടെ കടിയേറ്റു. കൊറ്റാളി ശവപ്പെട്ടി എന്ന സ്ഥലത്ത് വാടകക്ക് താമസിക്കുന്ന ബംഗാളി സ്വദേശി പ്രജിൽദാസ് (25), ഭാര്യ പൂജാദാസ് (20), ഒരു വയസുള്ള കുട്ടി ആരോഹ് എന്നിവർക്ക് ഇന്നലെ രാത്രിയാണ് നായയുടെ കടിയേറ്റത്. പനങ്കാവ് രവീന്ദ്ര ഭവനിൽ നളിനി (68), അയൽവാസി പുഷ്പ (58) എന്നിവർക്ക് ഇന്ന് രാവിലെ നായയുടെ കടിയേറ്റു. പത്രമെടുക്കാൻ ഗെയ്റ്റിന് സമീപം പോയപ്പോഴാണ് നളിനിയെ നായ കടിച്ചത്.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2690
പവന് : 21520

പവിത്ര ജ്വല്ലറി
കുറ്റൂക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ലേഡീസ് സ്റ്റാഫിനെ ആവശ്യമുണ്ട്

തളിപ്പറമ്പ് പരിധിയിലുള്ള ബ്യൂട്ടീഷ്യൻ / ടൈലറിംഗ് / അക്ഷയ / മറ്റ് പൊതുജന സേവന കേന്ദ്രം എന്നീ മേഖലകളിൽ ജോലി പരിചയമുള്ളവർ. ഉടൻ ബന്ധപ്പെടുക. (മേൽ കടകളിലേക്കുള്ള മെഷീനറികളും ആവശ്യമുണ്ട്.)

Mob: 7558840479

പ്രൊഫഷണൽ മാര്യേജ് ബ്യൂറോ

മഹാത്മ കോംപ്ലക്സ്
നാഷണൽ ഹൈവേ, തളിപ്പറമ്പ
0460 2202468, 9744868222

എല്ലാ മതസ്ഥരുടെയും വിവാഹാലോചനകൾക്ക് സമീപിക്കുക.
കല്യാണം എത്രയും പെട്ടെന്ന് നടത്തി കൊടുക്കുന്നു.
10 വർഷത്തെ സേവന പാരമ്പര്യം.

നിങ്ങളുടെ വീടിന്റെ സുരക്ഷിതത്വം ഞങ്ങളിൽ നിന്നും തുടങ്ങട്ടെ

എല്ലാവിധ വിദേശ–നാടൻ മരങ്ങളുടെ ഉരുപ്പടികളും വാസ്തുശാസ്ത്ര പ്രകാരമുള്ള കട്ടിള, ജനൽ, ഡോർ, ജനൽ ഫ്രെയിമുകൾ എന്നിവയുടെ വിപുല ശേഖരവുമായി ...

കട്ടിള ₹3750
3 പാളി ജനൽ ₹9350

സോന വുഡ്
ചിറവക്ക്, തളിപ്പറമ്പ്
Mob: 8592888005, 8592888009

FREE ഹോം ഡെലിവറി

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 76 RNI Reg.No.KER MAL/2007/22043